# SFT Correction through DQR

കഴിഞ്ഞ തവണ SFT ഫയൽ ചെയ്തവർക്കെല്ലാം DQR ഡൗൺലോഡ് ചെയ്യണം എന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള അറിയിപ്പുകൾ വന്നിട്ടുണ്ടാകും. നമ്മൾ ഫയൽ ചെയ്ത സ്റ്റേറ്റ്മെന്റിലെ ഡേറ്റാ പരിശോധന കഴിഞ്ഞതിനു ശേഷം അതു സംബന്ധിച്ച റിപ്പോർട്ടാണ് DQR അഥവാ Data Quality Report. DQR എടുത്ത് പരിശോധിച്ച് ഫയൽ ചെയ്ത സ്റ്റേറ്റ്മെന്റിൽ ന്യൂനത ഉണ്ടായിട്ടുണ്ടോ ഇല്ലയോ, ഉണ്ടെങ്കിൽ എത്ര റിപ്പോർട്ടിൽ തിരുത്തൽ ആവശ്യമുണ്ട് തുടങ്ങിയ കാര്യങ്ങൾ മനസിലാക്കാം.

ന്യൂനത ഉള്ളവ പരിഹരിച്ച് Correction Statement ഫയൽ ചെയ്യണം. അത്തരത്തിൽ SFT(Form61A) ഫയൽ ചെയ്യാൻ സഹായകരമാകുന്നതിന് ഉദ്ദേശിച്ചാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്.

******

സൗകര്യത്തിന് വേണ്ടി നടപടിക്രമങ്ങളെ താഴെ പറയും പ്രകാരം ക്രമപ്പെടുത്താം


1) DQR ഡൗൺലോഡൽ
2) ആവശ്യമായ യൂട്ടിലിറ്റികൾ ഡൗൺലോഡൽ
3) DQR ഉപയോഗിച്ച് ന്യൂനത പരിഹരിക്കൽ
4) Correction Statement അപ്‌ലോഡൽ

സ്റ്റെപ്1-DQR ഡൗൺലോഡ് ചെയ്ത് പരിശോധിച്ച് Correction ആവശ്യമെങ്കിൽ മാത്രം മുന്നോട്ട് പോയാൽ മതി

തുടങ്ങുന്നതിന് മുൻപ്...

1) Java-8 വേർഷൻ അല്ലെങ്കിൽ അതിനു മുകളിലുള്ളത് ഇൻസ്റ്റാൾ ചെയ്യണം. എങ്കിലേ യൂട്ടിലിറ്റികൾ തുറക്കാനും ഉപയോഗിക്കാനും കഴിയൂ. Java-8 അനുയോജ്യമായത്. (Java വേർഷൻ അപ്ഗ്രേഡ് ചെയ്യുന്നത് Open PEARL ൽ ഡിജിറ്റൽ സിഗ്നേച്ചറിനെ ബാധിക്കാൻ സാധ്യതയുണ്ട്)
2) ബ്രൗസർ ആയി *Google Chrome* തന്നെ ഉപയോഗിക്കുക.
3) നേരത്തേ ഒറിജിനൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യാൻ ജനറേറ്റ് ചെയ്ത XML ഫയൽ കൂടി ആവശ്യമാണ്


റിപ്പോർട്ടിംഗ് പോർട്ടൽ ലോഗിൻ, Principal Officer മാറ്റുക തുടങ്ങിയ സംബന്ധിച്ച കാര്യങ്ങൾ http://incometaxindiaefiling.gov.in/ ഇ-ഫയലിംഗ് മാതൃസൈറ്റ് വഴി TAN ലോഗിൻ ചെയ്ത് My Account >> Reporting Portal എന്ന ഓപ്ഷൻ വഴി റിപ്പോർട്ടിംഗ് പോർട്ടലിൽ പ്രവേശിച്ച് ഉപയോഗിച്ച് ചെയ്യാം.



## 1) DQR ഡൗൺലോഡൽ

റിപ്പോർട്ടിംഗ് പോർട്ടലിൽ ലോഗിൻ ചെയ്ത് Statements എന്ന ഓപ്ഷനിൽ Uploaded Statements എന്നതിൽ ആവശ്യമായ വിവരങ്ങൾ കൊടുത്ത് DQR ഡൗൺലോഡ് ചെയ്യാം. XML , PDF എന്നിങ്ങനെ രണ്ടെണ്ണം കാണാം. PDF ഫയൽ നോക്കി ന്യൂനതകളെക്കുറിച്ച് മനസിലാക്കാം. XML ഫയൽ ആണ് correction statement ഫയൽ ചെയ്യാൻ ആവശ്യമായത്.

**DQR ഡൗൺലോഡ് ചെയ്യുക**





**PDF നോക്കി ന്യൂനതകളുടെ വിവരം പരിശോധിക്കുക**


| Report Level Defects | | | |
|---|---|---|---|
| Issue code | Issue | Reports | Defects |
| 61A_98030 | No PAN Form 61A | 3 | 3 |
| 61A_98270 | Failed Seller/Transferor Transaction relation | 9 | 9 |
| 61A_98280 | No Buyer/Transferee | 11 | 11 |
| 61A_98070 | Failed DOB/DOI for no PAN case Form 61A | 3 | 3 |
| 61A_98260 | Blank Property address | 20 | 20 |

# 2) യൂട്ടിലിറ്റികൾ ഡൗൺലോഡൽ

റിപ്പോർട്ടിംഗ് പോർട്ടലിൽ ലോഗിൻ ഇല്ലാതെ തന്നെ ആവശ്യമായ യൂട്ടിലിറ്റികൾ ഡൗൺലോഡ് ചെയ്യാം. പോർട്ടലിൽ ലഭ്യമായ ഏറ്റവും പുതിയ വേർഷൻ തന്നെ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ ശ്രദ്ധിക്കണം. ഇല്ലെങ്കിൽ പല ഘട്ടങ്ങളിലും വിവിധ പ്രശ്നങ്ങൾ വരാം. രണ്ടെണ്ണമാണ് നമുക്ക് ആവശ്യം.


2) Report Generation & Validation Utility 2) Generic Submission Utility.








# 3) DQR ഉപയോഗിച്ച് ന്യൂനത പരിഹരിക്കൽ


Report Generation & Validation Utility ഇൽ നിന്ന് View DQR ഓപ്ഷൻ ഉപയോഗിച്ച് ഡൗൺലോഡ് ചെയ്ത് വച്ച DQR XML ഫയൽ , കഴിഞ്ഞ തവണ ഫയൽ ചെയ്ത ഒറിജിനൽ സ്റ്റേറ്റ്മെന്റ് XML ഫയൽ എന്നിവ ബ്രൗസ് ചെയ്ത് ചേർക്കുക.




<u>ഡൗൺലോഡ് ചെയ്ത **DQR** , കഴിഞ്ഞ തവണ ഫയൽ ചെയ്ത ഒറിജിനൽ സ്റ്റേറ്റ്മെന്റ് XML എന്നിവ ചേർക്കുക.</u>





ഇത് തുറന്ന് കഴിഞ്ഞാൽ ആവശ്യമായ ഇടങ്ങളിൽ ന്യൂനതകൾ പരിഹരിക്കുക. റിപ്പോർട്ട് സെലക്ട് ചെയ്താൽ വലത് ഭാഗത്ത് കാണുന്ന Validation error details - Report Serial Number, Error Details എന്നിവ കാണിക്കും. അതിൽ ക്ലിക്ക് ചെയ്താൽ ന്യൂനത ഉള്ള ഫീൽഡിലേക്ക് പോകും.



ന്യൂനത ഉള്ള ഫീൽഡുകൾ ശരിയാക്കി സേവ് ചെയ്യുക. ഇങ്ങനെ ആവശ്യമായ റിപ്പോർട്ടുകളെല്ലാം ശരിയാക്കി മുഴുവൻ ന്യൂനതകളും പരിഹരിക്കുക.




തുടർന്ന് Valdate ചെയ്യുക. Validation Success ആയാൽ Generate XML ഓപ്ഷൻ ഉപയോഗിച്ച് XML ജനറേറ്റ് ചെയ്യുക. XML ഫയൽ സൗകര്യപ്രദമായ സ്ഥലത്ത് പേര് നൽകി സേവ് ചെയ്യുക.




**Statement(PartA)** വിവരങ്ങൾ പ്രത്യേകിച്ച് നൽകേണ്ടതില്ല. Pre-filled ആയി ചേർത്ത് വന്ന വിവരങ്ങൾ പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തുക.


## Generate package

ഇനി സേവ് ചെയ്ത വച്ച XML ഫയൽ ഡിജിറ്റൽ സിഗ്നേച്ചർ കൂടി ചേർത്ത് അപ്‌ലോഡ് ചെയ്യാൻ സജ്ജമാക്കണം. അതിനായി Generic Submission Utility ഉപയോഗിക്കണം.Secure XML >> Browse XML file ക്ലിക്കി XML File ചേർക്കുക.DSC ഉപയോഗിച്ച് ഇതിനെ sign ചെയ്യണം. Generate Package ക്ലിക്കുക.


XML ചേർത്ത് Generate Package ക്ലിക്കുക.





സർട്ടിഫിക്കറ്റ് സെലക്ട് ചെയ്ത് Sign കൊടുക്കുക.




പിൻ കൊടുക്കാനുള്ള ഈ ബോക്സ് വരും. *(കാണുന്നില്ലെങ്കിൽ സെർട്ടിഫിക്കറ്റ് ബോക്സ് ഒന്ന് നീക്കി നോക്കൂ..)*
പിൻ കൊടുത്ത് login / OK കൊടുക്കുക. Package File സൗകര്യപ്രദമായ സ്ഥലത്ത് സേവ് ചെയ്യുക.




**അപ്‌ലോഡ് ചെയ്യാനുള്ള Package തയ്യാറായി. ഇനി റിപ്പോർട്ടിങ്ങ് പോർട്ടലിൽ ലോഗിൻ ചെയ്ത് ഈ Package അപ്‌ലോഡ് ചെയ്യണം.**


**സാധാരണഗതിയിൽ പോർട്ടലിൽ DSC നേരത്തേ ചെയ്തിട്ടുള്ളതിനാൽ വീണ്ടും അപ്‌ലോഡ് ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ നേരത്തേയുള്ള Principal Officer മാറിയിട്ടുണ്ടെങ്കിലോ DSC പുതുക്കിയിട്ടുണ്ടെങ്കിലോ അപ്‌ലോഡ് ചെയ്യുമ്പോൾ 'Invalid PAN' തുടങ്ങിയ message കാണിക്കുന്നുണ്ടെങ്കിലോ റിപ്പോർട്ടിംഗ് പോർട്ടലിൽ ഡിജിറ്റൽ സിഗ്നേച്ചർ വീണ്ടും അപ്‌ലോഡ് ചെയ്യണം.**

**Certificate (.cer) ടൈപ്പ് ഫയൽ ആയാണ് അപ്‌ലോഡ് ചെയ്യേണ്ടത്. ഡിജിറ്റൽ സിഗ്നേച്ചറിൽ സെർട്ടിഫിക്കറ്റ് Export ചെയ്യാനുള്ള ഓപ്ഷൻ ഉണ്ടെങ്കിൽ അതുപയോഗിച്ചോ അല്ലെങ്കിൽ internet Explorer, Google Chrome തുടങ്ങിയ ബ്രൗസർ ഉപയോഗിച്ചോ സെർട്ടിഫിക്കറ്റ് Export ചെയ്ത് file Name കൊടുത്ത് സേവ് ചെയ്യുക.**


## ഡിജിറ്റൽ സിഗ്നേച്ചറിൽ ഉള്ള Export ഓപ്ഷൻ

ലോഗിൻ ചെയ്ത് സെർട്ടിഫിക്കറ്റ് സെലക്ട് ചെയ്ത് export ഓപ്ഷൻ കൊടുക്കുക.ആവശ്യമായ സ്ഥലത്ത് പേര് നൽകി സേവ് ചെയ്യുക.










## Google Chrome >> Settings >> Certificates >> Export




## സെർട്ടിഫിക്കറ്റ് സെലക്ട് ചെയ്ത് സൗകര്യപ്രദമായ സ്ഥലത്ത് പേര് കൊടുത്ത് സേവ് ചെയ്യുക











## <u>ഡിജിറ്റൽ സിഗ്നേച്ചർ റിപ്പോർട്ടിംഗ് പോർട്ടലിൽ</u>


<u>റിപ്പോർട്ടിംഗ് പോർട്ടലിൽ ലോഗിൻ ചെയ്ത്  Profile >> Upload Digital Signature എന്ന ഓപ്ഷനിൽ സെർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യുക.</u>








# 4) <u>Correction Statement അപ്‌ലോഡൽ</u>

<u>റിപ്പോർട്ടിംഗ് പോർട്ടലിൽ ലോഗിൻ ചെയ്ത്, File Statement ഓപ്ഷനിൽ ആവശ്യമായവ സെലക്ട് ചെയ്ത് ഒറിജിനൽ സ്റ്റേറ്റ്മെന്റ് ID ചേർത്ത്  Validate ചെയ്യുക.</u>




ഇനി നേരത്തേ സേവ് ചെയ്ത് വച്ച Package ഫയൽ ചേർത്ത് അപ്‌ലോഡ് ചെയ്യുക




Uploaded Successfully എന്ന മെസേജ് വരുന്നതോടെ ഫയലിംഗ് പൂർത്തിയായി.




Uploaded Statements എന്ന ഓപ്ഷൻ വഴി സേർച്ച് ചെയ്ത് Transaction ID ക്ലിക്ക് ചെയ്ത് രശീത് പ്രിന്റെടുത്ത് സൂക്ഷിക്കാം.

**********



നന്ദി

വിനോദ് കടന്നപ്പള്ളി

SRO പെരിങ്ങോം, കണ്ണൂർ

9744942923

vinodkdply@gmail.com